# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇട്ടിവ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/37/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/37/23 തീയ്യതി: 29/03/2023

## കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി എം.ഡി | ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ) | 21-12-2022 | 29-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 29-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക്ക് ജോൺ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. എ. അരുൺ കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ രാജൻ വി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. എസ്. ശ്രീകുമാർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.അമൃത.സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.റെജിമോൻ | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീമതി ലീനാകുമാരി കെ.ജി | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ. എസ്. | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.അജി.കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ. മായ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സീമി.ആർ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. സുമി. ഐ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സീമ.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ബിനു.ബി എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽകുമാർ ഡി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.മനാസ് രാജ് | വി.ഇ.ഒ. | 01-04-2021 | 17-10-2021 |
| ശ്രീമതി.സിന്ധു.കെ | വി.ഇ.ഒ. | 16-09-2021 | 31-03-2022 |
| ശ്രീമതി.വിനജ | വി.ഇ.ഒ. | 20-10-2021 | 31-03-2022 |
| ശ്രീമതി.മേഘ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 23-11-2021 |
| ശ്രീമതി.പാർവ്വതി ചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-11-2021 | 31-03-2022 |

s

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകത | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു. | 1-7-1 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു. | 1-7-2 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | ദ്വിതീയ മേഖലയിലെ കെട്ടിടങ്ങളെ തൃതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു | 1-11 |
| 15 | ബോർവെൽ നിർമ്മാണം - പദ്ധതി പൂർത്തിയായില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-12 |
| 16 | സ്ഥാവര ജംഗമ ആസ്തി രജിസ്റ്റർ - 'സചിത്ര' സോഫ്റ്റ് വെയറിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-13 |
| 17 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. | 1-14 |
| 18 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-15 |
| 19 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല - തുടർ നടപടികൾ അറിയിക്കണം | 1-16 |
| 20 | ഭവനപുനരുദ്ധാരണം - പൂർത്തിയാക്കിയില്ല. | 1-17 |
| 21 | പ്രധാന ഇനം ഒഴിവാക്കി പ്രവൃത്തി നിർവഹിച്ചു - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല - 448056/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 22 | മരാമത്ത് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയതിൽ പിശക് - നിരാകരണം - 8663/- രൂപ | 1-19 |
| 23 | കേരള വാട്ടർ അതോറിട്ടിയിൽ വെള്ളക്കരം ഒടുക്കൽ- കുടിശ്ശിക, ഫൈൻ തുകകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. | 1-20 |

| | | |
|---|---|---|
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 574765/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയതിൽ പിശക് - നിരാകരണം - 8663/- രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

23-02-2021 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26-03-2022തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 17-05-2022 | | |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകത

1, Property Tax-Residential & Non-Residential Buildings സഞ്ചയയും സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല

2, ഷെഡ്യൂൾ ബി-3-ൽ 2020-21-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (86679451/-) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32044219 |
| വരവ് | 105670965 |
| ആകെ | 137715184 |
| ചെലവ് | 90811708 |
| നീക്കിയിരിപ്പ് | 46903476 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 8663 |
| തടസ്സപ്പെടുത്തിയ തുക | 1925611 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 37540020 | 37540020 | 28931530 | 8608490 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 11469193 | 11469193 | 10527372 | 941821 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 12830257 | 12830257 | 3070598 | 9759659 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 10041060 | 10041060 | 4611771 | 5429289 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -റ്റൈഡ്(ട്രഷറി) | | 0 | 7961523 | 7961523 | 2141986 | 5819537 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -റ്റൈഡ്(ബാങ്ക്) | | ० | 10410000 | 10410000 | 2154639 | 8255361 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺ റ്റൈഡ്(ബാങ്ക്) | | ० | 7110202 | 7110202 | 5677948 | 1432254 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺ റ്റൈഡ്(ട്രഷറി) | | | 722654 | 722654 | 349332 | 373322 |
| ദുരിതാശ്വാസനിധി | | 49660 | 40812 | 90472 | 0 | 90472 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ | 0 | 78244911 | 78244911 | 78244911 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7542 | 939260 | 946802 | 937497 | 9305 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ICDS | | 823651 | 1677107 | 2500758 | 1888130 | 612628 |
| ടോട്ടൽ സാനിട്ടേഷൻ | | 3110022 | 0 | 3110022 | 0 | 3110022 |
| ടോട്ടൽ സാനിട്ടേഷൻ | | 1012362 | 630660 | 1643022 | 317730 | 1325292 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 175443484 | 153 | 72890726 | | 78 | 66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7542 | 939260 | 946802 | 937497 | 9305 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 78244911 | 78244911 | 78244911 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 127080 | 101 |
| കർഷകതൊഴിലാളി പെൻഷൻ | 7309800 | 423 |
| വിധവാപെൻഷൻ | 29553000 | 1266 |
| വാർദ്ധക്യകാലപെൻഷൻ | 62215600 | 4107 |
| വികലാംഗപെൻഷൻ | 8317100 | 317 |
| വിവാഹധനസഹായം | 360000 | 8 |
| അവിവാഹിത പെൻഷൻ | 701600 | 46 |

## 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുതായി കാണുന്നു. 2020-21 വർഷം മരണം രജിസ്റ്റർ ചെയ്യുവരുടെയും പെൻഷൻ സസ്പെന്റ് ചെയ്യുവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്യു തുക (₹) |
|---|---|---|---|---|---|---|
| 1 | തങ്കമ്മ | കർഷകത്തൊഴിലാളി പെൻഷൻ | 103680100223 | 11-12.2020 | 12/2020 മുതൽ 8/2021 വരെ | 13900 |
| 2 | അബ്ദുൾ വാഹിദ് | വാർദ്ധക്യകാല പെൻഷൻ | 103680201236 | 11.12.20 | 11-12-20----8/21 | 15300 |
| 3 | ഗോപാലൻ.എം | വാർദ്ധക്യകാല പെൻഷൻ | 103680203063 | 11-12-20 | 12-20-----6/21 | 10700 |

| | | | | | | |
|---|---|---|---|---|---|---|
| 4 | തങ്കപ്പൻ ആചാരി | വാർദ്ധക്യകാല പെൻഷൻ | 103680201877 | 10-3-21 | 3/21—8/21 | 9500- |
| 5 | ഗോപിനാഥൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103680204834 | 13-4-21 | 4/21---8/21 | 8000 |
| | ആകെ | | | | | 57400 |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിയ്ക്കാനുള്ള സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക 65,400/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ : 5/28.12.2022

1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ പെൻഷണറുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2020-21 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്യാനായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | സരസമ്മ | വാർദ്ധക്യകാല പെൻഷൻ | 103680201239 | 25.11.20 | 12/20-8/21 | 14000 |
| 2 | കൊച്ചുപെണ്ണ് | കർഷകത്തൊഴിലാളി പെൻഷൻ | 103680100030 | 20.11.20 | 11/20-6/21 | 12100 |
| 3 | സരസ്വതിയമ്മ | ,, | 141103680100 | 27.12.20 | 12/2020-8/21 | 13900 |
| 4 | തങ്കമണി | വാർദ്ധക്യകാല പെൻഷൻ | 103680201987 | 18.12.20 | 12/20-8/21 | 13900- |
| 5 | കുട്ടൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 10368020055 | 27.11.20 | 11/20-8/21 | 15500 |
| | ആകെ | | | | | 69400 |

അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനർഹമായി അനുവദിച്ച തുക സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അർഹതയില്ലാത്ത കാലയളവിലേക്ക് അനുവദിച്ച പെൻഷൻ തുക സർക്കാരിലേക്ക് അടവാക്കുന്നതിനും സ്വീകരിച്ച

നടപടികളെ സംബന്ധിച്ചും വിവരങ്ങൾ ലഭ്യമാക്കേണ്ടതും സമാനമായി അർഹതയില്ലാത്ത കാലയളവിലേക്ക് പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ : 5/28.12.2022

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-12-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 882/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

1) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2) പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.

3) വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

4) ഡി & ഒ ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

5) വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല.

6) സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷനർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്തുകാണുന്നു. ബാങ്ക് മുഖേനയും അക്കൌണ്ടിലൂടെയും ഇത്തരത്തിൽ ക്രമരഹിതമായി പണം നൽകിയതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

7) വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

8) MGNREGS പ്രവൃത്തിഫയലുകളിൽ വിജിലൻസ് & മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

9) പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത്-വാട്ടർ അതോറിറ്റി സംയുക്തപരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-11-2022 | 7/2022 മുതൽ 9/2022 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.4.2017 മുതൽ 2.5.2017 വരെ | 2012-13 മുതൽ 2016-17 വരെ | 16.06.2017 |

## 1-11 ദ്വിതീയ മേഖലയിലെ കെട്ടിടങ്ങളെ തൃതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലാടിസ്ഥാനത്തിൽ ലഭിക്കേണ്ട 10ശതമാനം ഇളവിന് പകരം തൃതീയമേഖലയിൽ ഉൾപ്പെടുത്തി 20 ശതമാനം നികുതി ഇളവ് നൽകി. 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതും പ്രഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ലയെന്നും, ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് 13-12.2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ പഞ്ചായത്ത് വിജ്ഞാപനപ്രകാരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്കും തൃതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി 20 ശതമാനം നികുതിയിളവ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മീ@5) | ദ്വിതീയ മേഖലയുടെ അടിസ്ഥാനത്തിൽ (10 ശതമാനം) നൽകേണ്ടിയിരുന്ന ഇളവ് | തൃതീയമേഖലയുടെ അടിസ്ഥാനത്തിൽ 20 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക | വസ്തു നികുതിയിൽ ഉണ്ടായ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 16 | 802 | സജില സലിം | 139.96 | 699 | 69 | 139 | 70 |
| 2 | 21 | 777 | ലൈജി നിസ | 182.06 | 910 | 91 | 182 | 91 |
| 3 | 21 | 784 | നജിം സുബൈർ | 145 | 725 | 72.5 | 145 | 72.5 |
| 4 | 21 | 788 | അനസ് ഷിഹാബുദ്ദീൻ | 142.5 | 712 | 71 | 142 | 71 |
| 5 | 12 | 853 | സുനിൽ കുമാർ | 195.3 | 976 | 97 | 195 | 98 |
| 6 | 10 | 772 | സുധർമ്മിണി | 89.1 | 445 | 44 | 89 | 45 |
| | | | | | | | | |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി – 12 / 29.12.22

## 1-12 ബോർവെൽ നിർമ്മാണം – പദ്ധതി പൂർത്തിയായില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം – 221/22 (വട്ടത്രാമല കുറ്റിയാംമൂട് എസ് സി കോളനി ബോർവെൽനിർമ്മാണം)
അടങ്കൽ -1,15,625/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് – 1,15,625/- രൂപ (ബിൽ നം 376/26-02-2022)
നിർവഹണം – അസി, സെക്രട്ടറി

വട്ടത്രാമല കുറ്റിയാംമൂട് എസ് സി കോളനി ബോർവെൽനിർമ്മാണം എന്ന പദ്ധതിനിർവഹണത്തിനായി 1,15,625/- രൂപ ഭൂഗർഭജലവകുപ്പിന് നല്കിയിട്ടുണ്ട്. പദ്ധതിയുടെ തൽസ്ഥിതിവിവരം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/23-12-22) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,15,625/- രൂപ

## 1-13 സ്ഥാവര ജംഗമ ആസ്തി രജിസ്റ്റർ – 'സചിത്ര' സോഫ്റ്റ് വെയറിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ആസ്തികൾ ആർജ്ജിക്കലും സംരക്ഷിക്കലും എന്നത് ഏതൊരു സ്ഥാപനത്തിന്റെയും പരമപ്രധാനമായ കർത്തവ്യങ്ങളിൽ ഒന്നാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആർജിച്ചിട്ടുള്ള ആസ്തികൾ 'സചിത്ര' സോഫ്റ്റ് വെയർ മുഖേന, ഡിജിറ്റൽ രൂപത്തിൽ, സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിങ്ങുമായി ബന്ധിപ്പിച്ച് രേഖപ്പെടുത്തേണ്ടതാണ് എന്നും ഈ പ്രവൃത്തി സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ ചുമതലയുള്ള എൻജിനീയർ/ഓവർസിയർ നിർവഹിക്കേണ്ടത് ആണ് എന്നും 06.08.12 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ. 212/2012 ത.സ്വ.ഭ.വ പ്രകാരം നിഷ്കർഷിക്കുന്നു. തുടർന്ന് കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിച്ചേർത്ത് കുറ്റമറ്റതാക്കി ഇലക്ട്രോണിക് ആസ്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കേണ്ട ചുമതല സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് ആയിരിക്കും. ഓരോ വർഷവും മെയ് 15 നകം മുൻവർഷത്തെ ആസ്തികളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ച്, സമിതിയുടെ അംഗീകാരത്തോടെ രജിസ്റ്റർ പൂർണ്ണമാക്കി, വെബ് അധിഷ്ഠിതമായ ഡേറ്റാബേസ് ഐ.കെ.എം-ന് നൽകണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിൽ മേൽ പരാമർശിച്ച വിധത്തിൽ വെബ് അധിഷ്ഠിതമായി 'സചിത്ര' സോഫ്റ്റ് വെയറിൽ ആസ്തി രജിസ്റ്റർ പൂർണ്ണരൂപത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2012-ലെ ഉത്തരവിൽ നിഷ്കർഷിച്ച വിഷയം നാളിതുവരെ നടപ്പിൽ വരുത്താൻ കഴിയാതിരുന്നത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആസ്തി രജിസ്റ്ററിന്റെ അഭാവത്തിൽ, ഓരോവർഷവും വിവിധ പദ്ധതികളിലൂടെ ആർജിക്കുന്ന ആസ്തികളുടെ സൂക്ഷ്മ പരിശോധന സാധ്യമാകാത്ത അവസ്ഥയാണ്. ആസ്തി സംബന്ധമായ രേഖകൾ കൃത്യതയോടെ പരിപാലിക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഭൂഷണമല്ല. 'സചിത്ര' ഡിജിറ്റൽ ആസ്തി രജിസ്റ്റർ അടിയന്തിരമായി പൂർത്തീകരിച്ച് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണതല വിഭാഗങ്ങളുടെ അടിയന്തിര ഇടപെടലുകൾ അനിവാര്യമാണ്.

## 1-14 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം 703011400000036- ) താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക (രൂപ) |
|---|---|---|
| 44/22 | 3/18.12.21 | 468750/- വികസനഫണ്ട് (പൊതുവിഭാഗം) |
| | ആകെ | |

75 ക്ഷീരകർഷകരുടെ 4 മുതൽ 7 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് സബ്സിഡി അവസാനിക്കുന്നതു വരെ പകുതി വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനാണ് തുക ഒടുക്കുവരുത്തിയത്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ആയതിനാൽ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 468750/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം – 8/27.12.2022

## 1-15 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, 'ലൈഫ് ഭവനനിർമ്മാണം' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

*ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (ജനറൽ)
പ്രോജക്ട് നമ്പർ –43/2021-22 & 144/21-22 (SO)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | അശോക് കുമാർ<br>കുന്നംപുറത്ത് വീട്<br>നെടുപുറം | 40000/-<br>(22/20-07-21) | പണി തുടങ്ങിയിട്ടില്ല |
| 2 | രതകുമാരി<br>ധന്യഭവൻ<br>വടക്കേകോട്ടുക്കൽ | 40000/-<br>(Loan - 17/10-03-21)<br>160000/- | ബേസ് മെന്റ് പൂർത്തിയായി<br>(ഗുണഭോക്താവ് മരണപ്പെട്ടു) |

| | | | |
|---|---|---|---|
| | | (Loan -35/05-07-21) | |
| പ്രോജക്ട് നമ്പർ -29/2021-22 SCP | | | |
| 3 | ശ്യാമള കെ<br>രമ്യഭവൻ<br>വയ്യാനം | 40000/-<br>(31/18-03-22) | ബേസ് മെന്റ് പൂർത്തിയായി |

* ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. തുക കൈപ്പറ്റിയശേഷം ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 280000/- രൂപ

ഓഡിറ്റ് അന്വേഷണം നം – 10/28-12-2022

## 1-16 KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല - തുടർ നടപടികൾ അറിയിക്കണം

മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./<br>ഫണ്ടിനം. | കെ.എം.എസ്.സി.എൽ-ന്<br>നൽകിയ രൂപ/<br>ബിൽ നം., തീയതി. | പെർഫോമേ ഇൻവോയിസ് നം/തീയതി | ലഭിച്ച മരുന്നുകൾ (രൂപ) | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകൾ |
|---|---|---|---|---|
| പ്രോജക്ട് നം-20/22<br>അടങ്കൽ-5,00,000/-രൂപ<br>മെയിന്റനൻസ് ഫണ്ട്(റോഡിതരം)<br>ആകെ ചിലവ്- 5,00,000/-രൂപ | 4/31.5.21 | 275/18.5.21 | 486585 | 13415 |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എം.എസ്.സി.എല്ലിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. 13415/- രൂപായുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി – 7/27.12.2022

## 1-17 ഭവനപുനരുദ്ധാരണം - പൂർത്തിയാക്കിയില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണം-ജനറൽ എന്ന പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

| *ഭവനപുനരുദ്ധാരണം-ജനറൽ<br>പ്രോജക്ട് നമ്പർ – 34/2021-22 | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂപ) | നിലവിലെ അവസ്ഥ |
| 1 | രത്നമ്മ<br>പാവൂർവീട്<br>തോട്ടംമുക്ക് | 25000/-<br>(7/24-01-22) | പണി തുടങ്ങിയിട്ടില്ല |

ലഭ്യമാക്കിയ മറുപടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കോള്ളുമെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്ത നിലയ്ക്ക് ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. മുൻകൂർ തുക കൈപ്പറ്റിയശേഷം ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിനെക്കൊണ്ട് ഭവനനിർമ്മാണം

പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 25000/- രൂപ

ഓഡിറ്റ് അന്വേഷണം – 10/28-12-2022

## 1-18 പ്രധാന ഇനം ഒഴിവാക്കി പ്രവൃത്തി നിർവഹിച്ചു - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല - 448056/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 156/22 (പ്രോജക്ട് നം. 152/21 ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | മണ്ണൂർ - ചരിപ്പറമ്പ് റോഡ് റീ-ടാറിംഗ്. |
| നിർവഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 973000/- (MGR) |
| കരാറുകാരൻ | ശ്രീ. സുനിൽദത്ത്. ജെ. (868704.88) |
| എഗ്രിമെന്റ് നം./ തീയതി | 78/AE/LSGD/ITVA/20-21/29.9.2020 |
| എം.ബുക്ക് നം. | 283/20 |
| ബിൽ നം,/തീയതി, തുക | 2/21-22/23.11.2021, 448056/-രൂ. |

ഡി.എസ്.ആർ.2016, കോസ്റ്റ് ഇൻഡക്സ്-41.85 (കൊല്ലം) അടിസ്ഥാനപ്പെടുത്തി, പ്രസ്തുത പ്രോജക്ടിനുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അപ്പൻഡിക്സ്-എ ആയി റീ-ടാറിംഗും, അപ്പൻഡിക്സ്-ബി ആയി ഐറിഷ് ഡ്രെയിൻ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. 550M X 3M =1650M2 അളവിൽ റീ-ടാറിംഗ് ചെയ്യുന്നതിനായി 470086.66 രൂപയും, 2 X 175M X 0.15= 52.5M3 ഐറിഷ് ഡ്രെയിൻ കോൺക്രീറ്റിംഗിനായി 422591.05 രൂപയും എസ്റ്റിമേറ്റിൽ വകയിരുത്തുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ, റീ-ടാറിംഗ് നടത്തേണ്ടതിന്റെ പ്രാധാന്യം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. വർക്ക് ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, പ്രധാന ഇനമായ റീ-ടാറിംഗ് പ്രവൃത്തി ഒഴിവാക്കി, ഐറിഷ് ഡ്രെയിൻ നിർമ്മാണം മാത്രം നിർവഹിച്ച് പാർട്ട് ബിൽ പ്രകാരം തുക കരാറുകാരന് നൽകിയിട്ടുള്ളതായി കാണുന്നു.

പാർട്ട് ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

CC-I & PART BILL

===============

ആകെ പ്രവൃത്തിമൂല്യം = 400050/-

(+)12% GST = 48006/-

------------

448056/-

(-) IT 1%- 4001/-

WWF 1%-4001/-

SGST 1%-4001/-

CGST 1%-4001/- 16004/-

-----------

കരാറുകാരന് നൽകിയ തുക = 432052/-രൂ.

===========

പാർട്ട് ബിൽ തുകയിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2.5% റിട്ടെൻഷൻ തുകയായി ഈടാക്കിയിട്ടില്ല.

28.12.2022-ൽ എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ, പ്രസ്തുത റോഡിന്റെ ഇരുവശങ്ങളിലുമായി 284 മീ. നീളത്തിൽ, ശരാശരി 1.2 മീ. വീതിയിൽ, 0.15 മീ. കനത്തിൽ ഐറിഷ് ഡ്രെയിൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും, റീ-ടാറിംഗ് പ്രവൃത്തി നിർവഹിച്ചിട്ടില്ലാത്തതായും കണ്ടു. റോഡിന്റെ മിക്ക ഭാഗങ്ങളും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണെന്നും ബോദ്ധ്യപ്പെട്ടു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/28.12.22) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ " ടി പ്രവൃത്തി പ്രധാനമന്ത്രി സഡക് യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ടി പ്രദേശത്ത്

നിർമ്മാണം സംബന്ധിച്ച പരസ്യബോർഡ് സ്ഥാപിച്ചിട്ടുള്ളതിനാലും ടി പ്രവൃത്തി പ്രകാരമുള്ള ടാറിംഗ് ഉൾപ്പടെയുള്ള തുടർപ്രവൃത്തികൾ നടത്തിയിട്ടില്ലാത്തതുമാകുന്നു" എന്ന് പരാമർശിച്ചിരിക്കുന്നു.

എന്നാൽ, പ്രസ്തുത റീ-ടാറിംഗ് പ്രവൃത്തി "പ്രധാനമന്ത്രി സഡക് യോജന"യിൽ ഉൾപ്പെടുത്തിയിട്ടുള്ളത് സംബന്ധിച്ച യാതൊരു രേഖകളും മറുപടിയോടൊപ്പം ഹാജരാക്കിയില്ല.

പ്രവൃത്തി ഫലപ്രദമായി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പാർട്ട് ബിൽ പ്രകാരം ചെലവഴിച്ച 448056/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റീ-ടാറിംഗ് പ്രവൃത്തി ഉൾപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. ചട്ടപ്രകാരം റീട്ടൻഷൻ ഈടാക്കാതെ പാർട്ട് ബിൽ നൽകാനുണ്ടായ സാഹചര്യം ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/28.12.2022

## 1-19 മരാമത്ത് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയതിൽ പിശക് - നിരാകരണം - 8663/- രൂപ

പ്രോജക്ട് നമ്പർ - 166/22

എം.സി.എഫ്. കെട്ടിടങ്ങളുടെ വൈദ്യുതീകരണം.

നിർവഹണം - സെക്രട്ടറി.

അടങ്കൽ തുക - 150000/-രൂ. (CFC)

കരാറുകാരൻ - ശ്രീ. സതീഷ് കുമാർ. വി. ആർ. (7% കുറവ്)

എഗ്രിമെന്റ് നം,/തീയതി- 9/2021/31.7.2021.

M.Book No. 498/2021.

ബിൽ നം. 24/21-22/30.11.21- 145268/- രൂപ

ആകെ പ്രവൃത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കുന്നതിനു പകരം, അടങ്കൽ തുക അടിസ്ഥാനപ്പെടുത്തി ബിൽ തയ്യാറാക്കിയതിനാൽ 8663/- രൂപ അധികമായി ചെലവഴിച്ചു.

കരാറുകാരന് നൽകിയ തുകയുടെ വിവരം

| | |
|---|---|
| അടങ്കൽ തുക | 150000/- |
| (-) 7% ടെണ്ടർ കുറവ് | 10500/- |
| | = 139500/- |
| (-) IT 1% | 1395/- |
| (-) WWF 1% | 1395/- |
| ആകെ | 2790/- |
| കരാറുകാരന് നൽകിയത് | 136710/-രൂപ |

ടി തുകയോടൊപ്പം ഇലക്ട്രിക്കൽ വർക്ക് പാനൽ എഞ്ചിനീയർമാർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് 4326/- രൂപയും എസ്റ്റിമേറ്റ് പരിശോധന TS, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1442/- രൂപയും, IT, WF ഇനത്തിൽ 2790/- രൂപയും ചേർത്ത് 145268/- രൂപയാണ് ബിൽ നം. 24/21-22/3011.21 പ്രകാരം പിൻവലിച്ചത്.

കരാറുകാരന് നൽകേണ്ട തുകയുടെ വിവരം

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 140496/- |
| (-) 7% ടെണ്ടർ കുറവ് | 9835/- |
| | = 130661/- |
| (-) IT 1% | 1307 |
| (-) WWF 1% | 1307 |
| ആകെ | 2614/- |
| കരാറുകാരന് നൽകേണ്ടത് | 128047/- രൂപ |

കരാറുകാരന് അധികം നൽകിയത് = 136710-128047 = 8663/- രൂപ.

കൂടാതെ IT, WF ഇനങ്ങളിൽ 88/-രൂപ വീതം ബന്ധപ്പെട്ട വകുപ്പുകളിൽ അധികം ഒടുക്കുവരുത്തിയിട്ടുമുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അധികമായി അനുവദിച്ച തുക കരാറുകാരനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ 8663/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/27.12.2022

നിരാകരിച്ച തുക – 8663/- രൂപ

## 1-20 കേരള വാട്ടർ അതോറിട്ടിയിൽ വെള്ളക്കരം ഒടുക്കൽ- കുടുശ്ശിക, ഫൈൻ തുകകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വാട്ടർ അതോറിട്ടിയിൽ വെള്ളക്കരം അടവാക്കൽ (പ്രോജക്ട് നം.140/22) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 476000/- രൂ. അടങ്കൽ (CFC-475000/-+Own Fund-1000/-) വകയിരുത്തിയ പ്രസ്തുത പ്രോജക്ടിനായി ബിൽ. നം.XVFC/P/34/10.3.22 പ്രകാരം 446556/- രൂ. പിൻവലിച്ച് വാട്ടർ അതോറിട്ടിയിൽ ഒടുക്കുവരുത്തിയിട്ടുണ്ട് (രസീത് നം.1756774/21.3.22). 4/2021 മുതൽ 3/2022 വരെയുള്ള കാലയളവിലേക്ക് പ്രതിമാസം 37213/-രൂ. നിരക്കിൽ (12X37213=446556/-) ആണ് തുക ഒടുക്കിയിട്ടുള്ളത്.

കേരള വാട്ടർ അതോറിട്ടി ലഭ്യമാക്കിയ 4/2021-ലെ ബില്ലിൽ 363429/-രൂ, മുൻ കുടിശ്ശികയും, 7130/-രൂ. ഫൈനും, 37213/- രൂ. തൻമാസ ഡിമാന്റും ചേർത്ത് 407772/-രൂ. ഒടുക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെ 3/2022-ലെ ബില്ലിൽ 902110/-രൂ, മുൻ കുടിശ്ശികയും, 17709/-രൂ. ഫൈനും, 37213/- രൂ. തൻമാസ ഡിമാന്റും ചേർത്ത് 957032/-രൂ. ഒടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ കുടിശ്ശികയും, ഫൈനും ഒടുക്കാതെ 12 മാസത്തെ തൻവർഷ ഡിമാന്റായ 12X37213=446556/-രൂ. മാത്രമാണ് ഒടുക്കുവരുത്തിയിട്ടുള്ളത്.

കൃത്യമായി വെള്ളക്കരം ഒടുക്കി വരുന്ന സാഹചര്യത്തിൽ കുടിശ്ശിക, ഫൈൻ ഇനങ്ങളിൽ തുക ആവശ്യപ്പെടുന്നതിന്റെ കാരണം വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, 7.12.2018-ൽ വാട്ടർ അതോറിട്ടിയിൽ നിന്നും 81 ടാപ്പുകൾ നിലവിലുണ്ടെന്നും ആയതിന്റെ വെള്ളക്കരമാണ് 12/2018 മുതൽ ഈടാക്കുന്നതെന്ന് അറിയിച്ചിരുന്നു. എങ്കിലും സംയുക്ത പരിശോധന നടക്കാത്ത സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന 73 ടാപ്പുകൾക്കു തന്നെയാണ് വെള്ളക്കരം 9/2019 വരെ ഒടുക്കിയിട്ടുള്ളത്. ടി കാലയളവിലെ വെള്ളക്കരം അടവാക്കൻ ബാക്കിയുള്ള 8 ടാപ്പുകളുടെ തുകയും, പലിശയും, ഡെപ്പോസിറ്റ് പ്രവൃത്തികളുടെ അക്കൗണ്ടിലേക്ക് മാറി അടവാക്കിയ തുക 191627/-രൂപയും അതിന്റെ പലിശയും തുടർന്നുള്ള മാസങ്ങളിലെ ഡിമാന്റുകളും ചേർന്നുള്ള തുകയാണ് ആകെ ഡിമാന്റ് ചെയ്തിട്ടുള്ളത്. 2019 ജനവരി മുതൽ നിരന്തരമായി വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ടതിൻ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികളുടെ അക്കൗണ്ടിൽ മാറി അടച്ച 191627/- രൂ. 8.12.2022-ലെ 213/RO/PHDn/KTR/2021 നമ്പർ കത്ത് പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വരവ് വച്ച് വിവരം അറിയിച്ചിട്ടുണ്ട് എന്നും പരാമർശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, കേരള വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം കണക്കാക്കി വെള്ളക്കരത്തിന്റെ ഡിമാന്റ് നിശ്ചയിക്കുന്നതിനും, നിലവിലുള്ള കുടിശ്ശിക ഒഴിവാക്കുന്നതിന് യുക്തമായ നടപടി സ്വീകരിക്കുന്നതിനും, വെള്ളക്കരം പ്രതിമാസം ഒടുക്കി ഫൈൻ ഒഴിവാക്കുന്നതിനും ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ടി വിഷയത്തിൽ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 6/27.12.2022

## 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 574765/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകകൾ വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ബിൽ നം./തീയതി, തുക (രൂ) | തുക കൈപ്പറ്റിയത് |
|---|---|---|---|
| 1 | S0001/22-ഐ.കെ.എം.വിഹിതം | 10/21-22/27.7.21 162308/- | ഐ.കെ.എം. |
| 2 | S0040/22- ജീവനം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 33/21-22/5.3.22 200000/- | ജില്ലാപഞ്ചായത്ത്, കൊല്ലം. |

| | | | |
|---|---|---|---|
| 3 | S0219/22-പോസ്റ്റ് ഷിഫ്റ്റിംഗ് | 40/21-22/21.3.22<br>212457/- | കെ.എസ്.ഇ.ബി. |
| ആകെ | | 574765/- | |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയതിൽ പിശക് - നിരാകരണം - 8663/- രൂപ

പ്രോജക്റ്റ് നമ്പർ - 166/22

എം.സി.എഫ്. കെട്ടിടങ്ങളുടെ വൈദ്യുതീകരണം.

നിർവഹണം - സെക്രട്ടറി.

അടങ്കൽ തുക - 150000/-രൂ. (CFC)

കരാറുകാരൻ - ശ്രീ. സതീഷ് കുമാർ. വി. ആർ. (7% കുറവ്)

എഗ്രിമെന്റ് നം,/തീയതി- 9/2021/31.7.2021.

M.Book No. 498/2021.

ബിൽ നം. 24/21-22/30.11.21- 145268/- രൂപ

ആകെ പ്രവൃത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കുന്നതിനു പകരം, അടങ്കൽ തുക അടിസ്ഥാനപ്പെടുത്തി ബിൽ തയ്യാറാക്കിയതിനാൽ 8663/- രൂപ അധികമായി ചെലവഴിച്ചു.

കരാറുകാരന് നൽകിയ തുകയുടെ വിവരം

| | |
|---|---|
| അടങ്കൽ തുക | 150000/- |
| (-) 7% ടെണ്ടർ കുറവ് | 10500/- |
| | = 139500/- |
| (-) IT 1% | 1395/- |
| (-) WWF 1% | 1395/- |
| ആകെ | 2790/- |
| കരാറുകാരന് നൽകിയത് | 136710/-രൂപ |

ടി തുകയോടൊപ്പം ഇലക്ട്രിക്കൽ വർക്ക് പാനൽ എഞ്ചിനീയർമാർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് 4326/- രൂപയും എസ്റ്റിമേറ്റ് പരിശോധന TS, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1442/- രൂപയും, IT, WF ഇനത്തിൽ 2790/- രൂപയും ചേർത്ത് 145268/- രൂപയാണ് ബിൽ നം. 24/21-22/3011.21 പ്രകാരം പിൻവലിച്ചത്.

കരാറുകാരന് നൽകേണ്ട തുകയുടെ വിവരം

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 140496/- |
| (-) 7% ടെണ്ടർ കുറവ് | 9835/- |
| | = 130661/- |
| (-) IT 1% | 1307 |
| (-) WWF 1% | 1307 |

| | |
|---|---|
| ആകെ | 2614/- |
| കരാറുകാരന് നൽകേണ്ടത് | 128047/- രൂപ |

കരാറുകാരന് അധികം നൽകിയത് = 136710-128047 = 8663/- രൂപ.

കൂടാതെ IT, WF ഇനങ്ങളിൽ 88/-രൂപ വീതം ബന്ധപ്പെട്ട വകുപ്പുകളിൽ അധികം ഒടുക്കുവരുത്തിയിട്ടുമുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അധികമായി അനുവദിച്ച തുക കരാറുകാരനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ 8663/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 6/27.12.2022
നിരാകരിച്ച തുക – 8663/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 27-12-2022 | കെ.എസ്.എ.കെ.എൽ.എം.പി.3/37/23 തീയതി – 24.03.2023 |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 297500 | നെൽകൃഷി വികസനം | 297500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 175000 | സ്കോളർഷിപ്പ് | 175000 | ം |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 324712 | പകൽവീട് | 324712 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 464065 | ബഡ് സ്കൂൾ | 464065 | ം |
| ജില്ല പഞ്ചായത്ത് | 2021-22 | 150000 | അംഗനവാടി അനുപൂരകപോഷകാഹാരം | 150000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | MCFവൈദ്യുതീകരണം | 22101306 | 52471 | 0 | 52471 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 22101317 | 212457 | 0 | 212457 |
| കെ.എസ്.ഇ.ബി | Sc കോളനി-ലൈൻ വലിക്കല് | 22101245 | 115625 | 0 | 115625 |
| വാട്ടർ അതോറിററി | പൈപ്പ് ലൈൻ | 22101235 | 856475 | 0 | 856475 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1060000/- രൂപ വരവുണ്ട്. മുൻബാക്കി 1540000/- രൂപയടക്കം 2600000/- രൂപയിൽ 2360000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 1060000 | 40989707 | 51333333 | - | 36916374 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2000-01 | - | ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് ഇലക്ട്രിക്ക് വയറിങ്- കരാറുകാരന് നൽകിയ മുൻകൂർ നിരാകരിക്കുന്ന തുക-25,000/- രൂപ | |
| 2000-01<br>2001-02 | 2-10 | 2007-08 | 3-9-1 | മണൽലേലം – വ്യവസ്ഥകൾ പാലിച്ചിട്ടില്ല. | |
| | - | 2012-13 | - | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8663/- | ശ്രീമതി ലീനാകുമാരി കെ. ജി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 115625/- | ശ്രീ. അനിൽകുമാർ. എസ്, അസി. സെക്രട്ടറി |
| 1-14 | 468750/- | ഡോ. ബിനു. ബി എസ്, വെറ്ററിനറി സർജൻ |
| 1-15 | 280000/- | ശ്രീമതി. സിന്ധു, വി ഇ ഒ |
| 1-16 | 13415/- | ഡോ. സീമി. ആർ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |

| | | |
|---|---|---|
| 1-17 | 25000/- | ശ്രീമതി. സിന്ധു, വി ഇ ഒ |
| 1-18 | 448056 | ശ്രീ. അജി. കെ, അസിസ്റ്റന്റ് എൻജിനീയർ |
| 1-21 | 574765 | ശ്രീമതി ലീനാകുമാരി കെ. ജി, സെക്രട്ടറി |
| ആകെ | | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽകുമാർ. എസ്,<br>അസി.സെക്രട്ടറി | അസി. സെക്രട്ടറി,<br>ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ശ്രീനികേതൻ, കോട്ടപ്പുറം,<br>കടയ്ക്കൽ, ഇളമ്പഴന്നൂർ പി.ഒ |
| ഡോ. ബിനു. ബി എസ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>ഇട്ടിവ ഗ്രാമ പഞ്ചായത്ത് | പ്രതീക്ഷ,<br>ആൽത്തറമൂട് പി.ഒ |
| ശ്രീമതി. സിന്ധു,<br>വി ഇ ഒ | വി ഇ ഒ,<br>വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് | തോട്ടത്തിൽ പുത്തൻ വീട്,<br>ആനപ്പുഴയ്ക്കൽ, കോട്ടുക്കൽ പി.ഒ,<br>അഞ്ചൽ |
| ഡോ. സീമി. ആർ,<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,<br>ഇട്ടിവ ഗ്രാമ പഞ്ചായത്ത് | വസന്തവിലാസം,<br>ചേത്തൻകോട്, വടശ്ശേരിക്കോണം |
| ശ്രീ. അജി. കെ,<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ,<br>മുളക്കുഴ ഗ്രാമ പഞ്ചായത്ത് | ചരുവിള വീട് ,<br>തഴമേൽ, അഞ്ചൽ |
| ശ്രീമതി ലീനാകുമാരി കെ. ജി,<br>സെക്രട്ടറി | സെക്രട്ടറി,<br>ഇട്ടിവ ഗ്രാമ പഞ്ചായത്ത് | പ്ലവിള പുത്തൻ വീട്,<br>എഴിയം പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൽ.എം-പി-3 427 (1)/18 /22-03-2018 | 2 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(2) /02-03-2018 | 7 |
| 1999-00<br>2000-01<br>2001-02 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(3) /18/22-03-2018 | 49 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(4) /18/22-03-2018 | 5 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(5) /18/23-03-2018 | 24 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(6) | 30 |

| | | |
|---|---|---|
| | /18/23-03-2018 | |
| 2005-06 | കെ.എസ്.എ/കെ.എൽ.എം-പി-3 427/(7) /18/23-03-2018 | 24 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം-പി-3 791/19 /10-06-2019 | 20 |
| 2007-08 | എൽ.എഫ്.ക്യുപി-4/662/2010/28-12-2011 | 22 |
| 2008-09 | എൽ.എഫ്.ക്യുപി-4/1405/2012/22-12-2012 | 24 |
| 2009-10 & 2010-11 | എൽ.എഫ്.ക്യുപി-4/1358/2012/13-08-13 | 17 |
| 2011-12 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2011-12/133/22/23-08-2022 | 5 |
| 2012-13 & 2013-14 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2012-13&2013-14/133/22/23-08-2022 | 7 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 20114-15/133/22/23-08-2022 | 14 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2015-16/133/22/23-08-2022 | 9 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-5/1121 /2017/31-01-2018 | 13 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-3/300 /2019/25-09-2019 | 19 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി-3 -1313/19 /3-6-2020 | 4 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം-പി-3 /1140/21 / 10-03-2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ/കെ.എൽ.എം-പി-3 /1553/21 / 10-03-2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്